നം. ഇ.എസ്2/40318/2012/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

തീയതി: 25/7/2018

# നോട്ടീസ്

വിഷയം:- ആ.വ.ഡ - സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. പി. വിനയൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ 11/7/2017ലെ എ2/11718/2017 നമ്പർ കത്ത്.

2) KPSC/PTA-II(3)1027/90 Dtd 31/10/95.

3) ഉത്തരവ് നം. എ2/1225/91/ജി.മെ.ആ പത്തനതിട്ട തീയതി: 9/12/95.

4) ഉത്തരവ് നം. ഇ.സി5/42828/2000 ആ.വ.ഡ തീയതി 16/11/2000.

5) ഉത്തരവ് നം. ഇ.സി5/115869/2001/ആ.വ.ഡ തീയതി 1/6/2002.

6) 23/1/98ലെ പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/684/98 നമ്പർ ഉത്തരവ്.

7) ഉത്തരവ് നം. ഇ.ഡി4/2006/ആ.വ.ഡ തീയതി 23/11/2006.

8) ഉത്തരവ് നം. ഇ.എസ്2/40318/2012 ആ.വ.ഡ തീയതി 13/1/2014.

9) ഉത്തരവ് നം. ഇ.എസ്.2/40318/2012/ആ.വ.ഡ തീയതി 15/12/2014.

10) 31/10/2017ലെ ഇ.എസ്.2/40318/2017 നമ്പർ നോട്ടീസ്.

11) 9/11/2017ലെ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/11718/17/നമ്പർ കത്ത്.

സിനീയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫിസിലെ സീനിയർ ക്ലാർക്കായ ശ്രീ. പി. വിനയൻെറ അപേക്ഷ സൂചന ഒന്ന് (1) പ്രകാരം അയച്ച് നൽകിയിരുന്നു. ആയതിൻ മേൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് നേരിട്ട് കേൾക്കുകയും ഹിയറിങ്ങ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ. പി. വിനയൻ സൂചന രണ്ട് (2) പ്രകാരമുള്ള പി.എസ്.സി.യുടെ അഡ്വൈസിൻെറയും സൂചന മൂന്ന് പ്രകാരമുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിൻെറയും അടിസ്ഥാനത്തിൽ 21/12/95ൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ചു.

തുടർന്ന് സൂചന (4) പ്രകാരം ടിയാന് യു.ഡി. ടൈപ്പിസ്റ്റായി ഉദ്യോഗക്കയറ്റം നൽകി സൂചന അഞ്ച് (5) പ്രകാരം ടിയാൻ യു.ഡി ടൈപ്പിസ്റ്റായിരിക്കെ ആലപ്പുഴ ജില്ലയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുകയും ചെയ്യു.

ടിയാൻ എം.ഒ.പി പരീക്ഷ 6/98ലും അക്കൗണ്ട് ടെസ്റ്റിൻെറ വകുപ്പ് തല പരീക്ഷ 6/2000 ത്തിലും പാസ്സായിട്ടുണ്ട്. പരിവീക്ഷാകാലം 21/12/97ൽ സൂചന ആറ് (6) പ്രകാരം പൂർത്തിയാക്കി. ഇതിൻെറ അടിസ്ഥാനത്തിൽ സൂചന ഏഴ് (7) പ്രകാരം യു.ഡി. ക്ലാർക്കായി നിയമിച്ചു. പക്ഷെ 17/6/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല.

തുടർന്ന് സൂചന പത്ത് (10) പ്രകാരം സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 450 എ ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസിനെതിരെ സൂചന (11) പ്രകാരം ടിയാൻെറ അപ്പീൽ ലഭിച്ചിരുന്നു.

അപ്പീൽ പരിശോധിച്ചതിൻ പ്രകാരം ടിയാന് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ 4/86 മുതൽ 12/98 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 127 റാങ്ക് നമ്പർ നൽകിയിരിക്കുന്നു. ടിയാന് യു.ഡി. ടൈപ്പിസ്റ്റിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് മാറ്റം നൽകിയതിൻെറ അടിസ്ഥാനത്തിൽ, നിലവിലെ ചട്ടം അനുസരിച്ച് ജോലിയിൽ പ്രവേശിച്ച തീയതി, പരിവിക്ഷാകാലം പൂർത്തിയാക്കിയ തിയതി, വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തിയതി എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17/6/2000 മുതൽ 31/8/2012 വരെയുള്ള സൂചന (9) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 379 (എ) ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു. കൂടാതെ 31/10/2017ൽ ശ്രീ. പി. വിനയൻെറ അപേക്ഷ പരിഗണിച്ചുകൊണ്ട് ഇറക്കിയ നോട്ടീസ് ഇതിനാൽ റദ്ദ്ചെയ്യിരിക്കുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി. തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|
| 1) | S. Sudha | 25/5/71 | 1/12/94 | MoP 12/97 AT(L) 1/06 | 33 / 94/97 | 379 | 379 | 1/6/2006 |
| 2) | P. Vinayan. | 2/05/65 | 21/12/95 | MoP 6/98 AT (L) 6/00 | UDT | ---- | 379A | 1/6/2006 |
| 3) | Sasikumar P.K. | 4/5/66 | 1/3/96 | MoP 12/01 AT (L) 6/02 | UDT | ----- | 380 | 1/6/2006 |

പ്രസ്തുത അനുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും നിലവിലില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരീകരി ഉത്തരവാകുന്നതാണ്.

(ഒപ്പ്)
ശ്രീ. അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:
1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി. സെക്ഷൻ
5) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്